# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3806** | **15.12.2014 -ലെ മറുപടിക്ക്**

**ശ്രീ. പി. വിജേഷിന്റെ പേരിൽ കണ്ണപുരം പോലീസ് സ്റ്റേഷനിലെ കേസ്സ്**

| ചോദ്യം<br>ശ്രീ. ഇ.പി. ജയരാജൻ | | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കണ്ണൂരിലെ കല്ല്യാശ്ശേരി കോലത്ത് വയലിൽ ശ്രീ. പി. വിജേഷിന്റെ പേരിൽ കണ്ണപുരം പോലീസ് സ്റ്റേഷനിൽ ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (എ) | കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ആരുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; | (ബി) | സലിൻ ആനന്ദ്, S/o. സദാനന്ദൻ എന്നയാളുടെ പരാതിയുടെ അടിസ്ഥാനത്തിൽ. |
| (സി) | ഏതെല്ലാം വകുപ്പുകൾ ചുമത്തിയാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; | (സി) | കണ്ണപുരം പോലീസ് സ്റ്റേഷൻ ക്രൈം നം. 741/2014 u/s 143, 147, 148, 324, 308 r/w 149 IPC പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ഡി) | പരാതിക്കാർ മർദ്ദനമേൽക്കുകയോ ആശുപത്രിയിൽ പ്രവേശിക്കപ്പെടുകയോ മുറിവേൽക്കപ്പെടുകയോ ഒന്നും ചെയ്യാത്ത സാഹചര്യത്തിൽ യാതൊരുവിധ അന്വേഷണവും നടത്താതെ മദ്യപാനികളും ക്രിമിനൽ പശ്ചാത്തലവുമുള്ള പരാതിക്കാരുടെ അഭിപ്രായം മാത്രം പരിഗണിച്ച് നിരപരാധിയായ ഒരു ചെറുപ്പക്കാരനെതിരെ ഇത്തരം വകുപ്പുകൾ ചുമത്തി കേസ്സ് രജിസ്റ്റർ ചെയ്തതിന് എന്തു ന്യായീകരണമാണുള്ളത്; വിശദമാക്കാമോ? | (ഡി) | പരാതിക്കാരന് മർദ്ദനത്തിൽ പരിക്കേറ്റ് കണ്ണൂർ ജില്ലാ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത സാഹചര്യത്തിലാണ് പരാതിക്കാരന്റെ മൊഴി പ്രകാരം പ്രതിക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ